മാതൃഭൂമി
17 September 2026

അരിയോസോമ
സിഎംഎഫ്ആർഐയൻസെ

# അറബിക്കടലിൽ പുതിയ ഈൽ മത്സ്യം



സി.എം.എഫ്.ആർ.ഐ. അറബിക്കടലിൽനിന്ന് കണ്ടെത്തിയ പുതിയ ഈൽ മത്സ്യമായ അരിയോസോമ സിഎംഎഫ്ആർഐയൻസെ

**കൊച്ചി**▸ അറബിക്കടലിൽ നിന്ന് പുതിയ ഇനം ഈൽ മത്സ്യത്തെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തി(സി.എം.എഫ്.ആർ.ഐ.)ലെ ഗവേഷകർ കണ്ടെത്തി. സി.എം.എഫ്.ആർ.ഐ.യുടെ 80-ാം വാർഷികത്തിന്റെ ഭാഗമായി മീനിന് അരിയോസോമ സിഎംഎഫ്ആർഐയൻസെ എന്ന് പേരിട്ടു.

കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ആഴക്കടൽ ദൗത്യത്തിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ. നടപ്പാക്കുന്ന ഗവേഷണത്തിലാണ് ജനുവരിയിൽ കൊല്ലം തീരത്തുനിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിൽനിന്ന് മീനിനെ ലഭിച്ചത്. മീനിന്റെ അടിഭാഗത്ത് കാണപ്പെടുന്ന കറുത്ത പുള്ളികളാണ് ഒരു പ്രത്യേകത. ഇന്ത്യയുടെ ആഴക്കടൽ ഗവേഷണ മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതാണ് ഈ നേട്ടമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

ആഴക്കടൽ മത്സ്യസമ്പത്തിനെ കുറിച്ചുള്ള ശാസ്ത്രീയ അറിവുകൾ വിപുലപ്പെടുത്താനും അതുവഴി ജൈവവൈവിധ്യ സംരക്ഷണ പരിപാലനരീതികൾ മെച്ചപ്പെടുത്താനും സഹായിക്കും. ഇതിന്റെ വാണിജ്യപരമായ സാധ്യതകൾ പഠനം നടത്തി മാത്രമേ പറയാനാകൂവെന്ന് ഗവേഷണ പദ്ധതിക്ക് നേതൃത്വം നൽകുന്ന സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖ ജെ. നായർ പറഞ്ഞു.

പുതിയ മത്സ്യം കണ്ടെത്തിയതായുള്ള ശാസ്ത്രപഠനം അന്താരാഷ്ട്ര ടാക്സോണമിക് ജേണലായ സൂടാക്സയിൽ പ്രസിദ്ധീകരിച്ചു.